ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# സ്വയം സംസ്കരണത്തിന്റെ പാതയിൽ

عَنْ أَنَسٍ رضى الله عنه قَالَ : قَالَ رَسُولُ اللَّهِ صلى الله عليه وسلم : طُوبَى لِمَنْ شَغَلَهُ عَيْبُهُ عَنْ عُيُوبِ اَلنَّاسِ (أَخْرَجَهُ اَلْبَزَّارُ بِإِسْنَادٍ حَسَنٍ)

**അനസി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: 'തന്റെ ന്യൂനതകൾ പരിഹരിക്കുന്നതിൽ വ്യാപൃതനായതിനാൽ ജനങ്ങളുടെ ന്യൂനതകൾ കാണാതിരുന്നവന് ശുഭവാർത്ത' (ബസ്സാർ).**

'നിങ്ങൾ ആത്മപരിശോധന നടത്തണം, അല്ല, നിങ്ങളാണ് ആത്മപരിശോധന നടത്തേണ്ടത്.' വാഗ്വാദങ്ങൾക്കിടയിൽ ഇങ്ങനെ പലപ്പോഴും പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ, അധരവ്യായാമത്തിനപ്പുറം അതിനാരും വില കൽപിക്കാറില്ല. സ്വന്തം കുറ്റങ്ങൾക്ക് മറയിട്ട്, മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടെത്തി പുറത്തെത്തിക്കുന്നതിൽ വ്യാപൃതരാണ് പൊതുവെ മനുഷ്യർ. ഈ പ്രവണതയെ തിരിച്ചിടുകയാണ് ഈ മഹദ്വചനം.

ആത്മപരിശോധനക്കൊരിക്കലും മുതിരാത്ത, വാക്കും പ്രവൃത്തിയും തമ്മിൽ ഒരു പൊരുത്തവുമില്ലാത്ത നേതാക്കളും പുരോഹിതന്മാരുമാണ് നമുക്കു ചുറ്റും. അനുയായികൾക്ക് ഇത്തരം നേതാക്കളുടെ തനിനിറം മനസ്സിലായാൽ പോലും അവരെ കൈയൊഴിയുന്നതിനു പകരം ആ ദുഷ്ചെയ്തികൾക്ക് ഓശാന പാടുന്ന അനുഭവങ്ങളാണ് ഏറെയും. ആത്മപരിശോധനക്കു പകരം ബാഹ്യമോടികൾ രംഗം കൈയടക്കിയതിന്റെ ദുരന്തഫലമാണിത്. ഈ കാപട്യം ഒരിക്കലും അംഗീകരിക്കപ്പെടുകയില്ല.

പ്രവാചകന്മാരാണല്ലോ ഇസ്ലാമിന്റെ മാതൃക. അവരുടെ ജീവിതം തുറന്ന പുസ്തകമാണ്, വാക്കും പ്രവൃത്തിയും ഒന്നാണ്. ഓരോ പ്രവാചകന്റെയും പ്രഖ്യാപനം ഇതായിരുന്നു: ''നിങ്ങളോട് ചെയ്യരുതെന്ന് പറയുന്നതൊന്നും ഞാനൊരിക്കലും ചെയ്യുകയില്ല. കഴിയുന്നത്ര നിങ്ങൾക്ക് നന്മ വരുത്തണം, നിങ്ങളെ വിമലീകരിക്കണം എന്നേ എനിക്ക് ഉദ്ദേശ്യമുള്ളൂ.'' അതായത് ജനങ്ങളെ സംസ്കരിക്കാനിറങ്ങിയ പ്രവാചകന്മാർ സ്വയം സംസ്കരണം സിദ്ധിച്ച ശേഷമാണ് അതിന് ഇറങ്ങിത്തിരിച്ചതെന്നർഥം.

സ്വന്തത്തിലേക്ക് തിരിഞ്ഞുനോക്കാതെ, ജനങ്ങളെ വിമർശിക്കാനിറങ്ങാൻ സത്യവിശ്വാസിക്ക് നിർവാഹമില്ല. അല്ലാഹുവിന്റെ കടുത്ത താക്കീത് അവന്റെ മുന്നിലെത്തും; "അല്ലയോ വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തത് പറയുന്നതെന്തിന്? പ്രവർത്തിക്കാത്തത് പറഞ്ഞുകൊണ്ടിരിക്കൽ അല്ലാഹുവിങ്കൽ അത്യധികം വെറുക്കപ്പെട്ടതാണ്. ഭദ്രമായ മതിൽ കോട്ടയെന്നോണം ഒറ്റക്കെട്ടായി അണിനിരന്ന് അവന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരെയാണ് അല്ലാഹുവിനിഷ്ടം'' (*അസ്സ്വഫ്ഫ്* 2-4).

മറ്റുള്ളവരുടെ കുറ്റം കണ്ടെത്തലല്ല വിശ്വാസിയുടെ ജോലി. കുറ്റമില്ലാത്ത മനുഷ്യരുണ്ടാവില്ല. ഗുണകാംക്ഷയോടെ അവരെ തിരുത്തുക, അവരുടെ മനസ്സിനെ സംസ്കരിച്ചെടുത്ത് ദീനിന്റെ സംസ്ഥാപനത്തിന് വേണ്ടിയുള്ള ശ്രമങ്ങളിൽ അവരെയും അണിനിരത്തുക - ഇതാണ് വേണ്ടതെന്നാണ് ഉണർത്തുന്നത്.

സകാത്ത് പോലും യഥാവിധി നിർവഹിക്കാതെ, സ്വകുടുംബത്തോടും അയൽവാസികളോടും ദരിദ്രരോടുമുള്ള കടമ നിർവഹിക്കാതെ, രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക രംഗങ്ങളിൽ അഴിഞ്ഞാടുന്ന തിന്മകളിലേക്ക് തിരിഞ്ഞുനോക്കാതെ മറ്റുള്ളവരുടെ വേഷവിധാനങ്ങളും ഭക്ഷണരീതികളും മറ്റും ചികഞ്ഞന്വേഷിച്ച് കുറ്റം കണ്ടെത്തി ഉപദേശിക്കുന്നവർ ആദ്യം സ്വന്തം ബാധ്യതകൾ നിർവഹിക്കുന്നതിൽ വരുത്തുന്ന വീഴ്ചകളെക്കുറിച്ച് ആത്മപരിശോധന നടത്തട്ടെ.

സ്വന്തം ന്യൂനതകളെണ്ണി തപസ്സിൽ കഴിയാനല്ല, ആ ന്യൂനതകൾ പരിഹരിച്ച് സ്വന്തത്തെ നിരന്തരം സംസ്കരിച്ചെടുത്ത് അല്ലാഹുവിന്റെ ദീനിന്റെ സംസ്ഥാപനത്തിന്റെ പാതയിൽ തളരാതെ മുന്നേറാനാണ് ഖുർആനും തിരുവചനങ്ങളും ആവശ്യപ്പെടുന്നത്.

●